എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَعَلَى ٱلثَّلَٰثَةِ ٱلَّذِينَ خُلِّفُوا۟ حَتَّىٰٓ إِذَا ضَاقَتْ عَلَيْهِمُ
ٱلْأَرْضُ بِمَا رَحُبَتْ وَضَاقَتْ عَلَيْهِمْ أَنفُسُهُمْ وَظَنُّوٓا۟ أَن لَّا مَلْجَأَ
مِنَ ٱللَّهِ إِلَّآ إِلَيْهِ ثُمَّ تَابَ عَلَيْهِمْ لِيَتُوبُوٓا۟ ۚ إِنَّ ٱللَّهَ هُوَ
ٱلتَّوَّابُ ٱلرَّحِيمُ ﴿١١٨﴾

**118.** തീരുമാനം നിർത്തിവെക്കപ്പെട്ട ആ മൂന്നു പേർക്കും അവൻ മാപ്പു കൊടുത്തിരിക്കുന്നു. ഭൂമി അതിവിസ്തൃതമായിരിക്കെത്തന്നെ അവർക്ക് ഇടുങ്ങിപ്പോയിരുന്നു. സ്വന്തം ആത്മാക്കൾ പോലും അവർക്ക് ദുർവഹമായിത്തീർന്നു. അല്ലാഹുവിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാൻ അവന്റെ തന്നെ കാരുണ്യമല്ലാതെ മറ്റൊന്നുമില്ലെന്ന് അവർ കരുതി. അനന്തരം അല്ലാഹു അവരിലേക്കു മടങ്ങി; അവർ പശ്ചാത്തപിച്ചു മടങ്ങാൻ. നിശ്ചയം അല്ലാഹു ഏറ്റം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.

وَعَلَى ٱلثَّلَٰثَةِ= ആ മൂന്നുപേർക്കും (അവൻ മാപ്പുകൊടുത്തിരിക്കുന്നു) ٱلَّذِينَ خُلِّفُوا۟= (തീരുമാനം) പിന്തിക്കപ്പെട്ടവരായ (നിർത്തിവെക്കപ്പെട്ട)
حَتَّىٰٓ إِذَا ضَاقَتْ= ഇടുങ്ങിയതുവരെ (ഇടുങ്ങിപ്പോയിരുന്നു) عَلَيْهِمُ= അവർക്ക് ٱلْأَرْضُ= ഭൂമി
بِمَا رَحُبَتْ= അത് വിശാലമായതോടുകൂടി (അതി വിസ്തൃതമായിരിക്കെത്തന്നെ)
وَضَاقَتْ عَلَيْهِمْ أَنفُسُهُمْ= അവരുടെ ആത്മാക്കളും അവർക്ക് ഇടുങ്ങി (സ്വന്തം ആത്മാക്കൾപോലും ദുസ്സഹമായിത്തീർന്നു)
وَظَنُّوٓا۟= അവർക്കു തോന്നി, കരുതി أَن لَّا مَلْجَأَ= എന്തെന്നാൽ അഭയമില്ല(രക്ഷപ്പെടാൻ മറ്റൊന്നുമില്ലെന്ന്)
مِنَ ٱللَّهِ= അല്ലാഹുവി(ന്റെ പിടിയി)ൽനിന്ന് إِلَّآ إِلَيْهِ= അവനിലേക്കല്ലാതെ (അവന്റെ തന്നെ കാരുണ്യമല്ലാതെ)
ثُمَّ تَابَ عَلَيْهِمْ= അനന്തരം അവൻ അവരിലേക്കു മടങ്ങി(തന്റെ കാരുണ്യം അവരിൽ വർഷിച്ചു)
لِيَتُوبُوٓا۟ = അവർ പശ്ചാത്തപിച്ചു മടങ്ങാൻ إِنَّ ٱللَّهَ هُوَ = നിശ്ചയം അല്ലാഹു അവൻ(തന്നെയാകുന്നു)
ٱلتَّوَّابُ= ഏറ്റം പശ്ചാത്താപം സ്വീകരിക്കുന്നവൻ ٱلرَّحِيمُ= കരുണാമയനായ(നുമാകുന്നു)

**118:** മുൻ സൂക്തത്തിലെ لَّقَد تَّابَ ٱللَّهُ عَلَى ٱلنَّبِيِّ وَٱلْمُهَٰجِرِينَ وَٱلْأَنصَارِ എന്നതിനോട് സമാസിച്ചുകൊണ്ടാണ് ഇവിടെ وَعَلَى ٱلثَّلَٰثَةِ എന്നു പറയുന്നത്. പ്രവാചകനെയും മുഹാജിറുകളെയും പാപമുക്തരാക്കിയതുപോലെ തീരുമാനം നിർത്തിവെക്കപ്പെട്ടവ

രെയും അല്ലാഹു പാപമുക്തരായി പ്രഖ്യാപിക്കുന്നു എന്നാണ് താൽപര്യം. തബൂക്ക് യാത്രയിൽനിന്ന് അകാരണമായി പിന്മാറിയതിൽ പ്രവാചകനോട് കുറ്റം സമ്മതിച്ച് പശ്ചാത്തപിച്ച ചിലർക്ക് അപ്പോൾ തന്നെ മാപ്പിന്റെ അനുഗ്രഹം ലഭിച്ചുവെന്ന് 105-ാം സൂക്തവും, മറ്റു ചിലരുടെ പേരിലുള്ള വിധി നിർത്തിവെച്ചിരിക്കുകയാണെന്ന് 106-ാം സൂക്തവും സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ നിർത്തിവെക്കപ്പെട്ട വിധിയാണ് ഈ സൂക്തത്തിൽ പ്രസ്താവിക്കുന്നത്. തീരുമാനം നിർത്തിവെക്കപ്പെട്ടവർ ആരൊക്കെയായിരുന്നുവെന്നും അവരുടെ പേരിലുള്ള നടപടി നീണ്ടുപോയതിന്റെ ന്യായമെന്താണെന്നും 106-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിട്ടുണ്ട്.

ആ മൂന്നുപേർ അല്ലാഹു ഉദ്ദേശിച്ച കഠിന ശിക്ഷണം നേടുകയും അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനത്തിനും കാരുണ്യ വർഷത്തിനും തങ്ങൾ യോഗ്യരാണെന്ന് സ്വയം തെളിയിക്കുകയും ചെയ്ത ശേഷമാണ് ഈ മാപ്പു പ്രഖ്യാപനമുണ്ടാകുന്നതെന്ന് വ്യക്തമാക്കുകയാണ് حَتَّىٰٓ إِذَا ضَاقَتۡ عَلَيۡهِمُ ٱلۡأَرۡضُ എന്നു തുടങ്ങുന്ന വാക്യങ്ങളിലൂടെ. ضَاقَتۡ عَلَيۡهِمُ ٱلۡأَرۡضُ بِمَا رَحُبَتۡ (ഭൂമി അതിവിസ്തൃതമായിരിക്കെത്തന്നെ അവർക്ക് ഇടുങ്ങിപ്പോയിരുന്നു) എന്നവാക്യം അവർ നേരിടേണ്ടി വന്ന നടപടിയുടെ രൂക്ഷതയെ സൂചിപ്പിക്കുന്നു. ബുഖാരിയും മുസ്‌ലിമും ഉൾപ്പെടെയുള്ള മുഹദ്ദിസുകളുടെ സുദീർഘനിവേദനങ്ങളിൽ അത് വിവരിക്കപ്പെടുന്നുണ്ട്. അവരിലൊരാളായ കഅ്ബുബ്നു മാലിക്(റ) തന്റെ കഥ പറയുന്ന ഒരു നിവേദനം ഇങ്ങനെ സംഗ്രഹിക്കാം: എനിക്ക് ഏറ്റം കരുത്തും സാമ്പത്തിക ശേഷിയുമുള്ള കാലത്താണ് തബൂക്ക് യാത്രയിൽനിന്ന് ഞാൻ പിന്മാറിയത്. അത്യുഷ്ണത്തിൽ സുദീർഘമായ ദുർഘടയാത്ര ചെയ്ത് വമ്പിച്ച ശത്രുസേനയെ നേരിടേണ്ടിയിരുന്നു. വളരെയാളുകൾ പ്രവാചകനോടൊപ്പം പുറപ്പെടാൻ ഒരുക്കം തുടങ്ങി. അന്ന് ആളുകളുടെ പട്ടികയോ രേഖയോ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും ആരെങ്കിലും അപ്രത്യക്ഷനാവുക അപൂർവമായിരുന്നു; അല്ലാഹുവിങ്കൽനിന്ന് വെളിപാടവതരിച്ചില്ലെങ്കിൽ അത് രഹസ്യമായിരിക്കും എന്നു കരുതിയവരൊഴിച്ച്. വിളകൾ പാകമാവുന്ന കാലത്തായിരുന്നു യുദ്ധ യാത്ര. ആളുകളോടൊപ്പം യാത്രാ സാമഗ്രികൾ ശേഖരിക്കാൻ ഞാനും വിചാരിച്ചു. പക്ഷേ, ഒന്നും ചെയ്യാതെ പിന്നെയാവട്ടെ എന്നു നീട്ടിവെച്ചുകൊണ്ടിരുന്നു. ഒടുവിൽ പ്രവാചകനും സംഘവും പുറപ്പെട്ടു. അപ്പോൾ ഞാൻ കരുതി, വേണ്ടതൊക്കെ ശേഖരിച്ചു നാളെയോ മറ്റന്നാളോ പുറപ്പെട്ട് പ്രവാചകനോടൊപ്പം ചെന്നു ചേരാം. ദിവസങ്ങൾ പിന്നെയും കടന്നുപോയി. ഞാൻ മദീനയിൽ തന്നെ അവശേഷിച്ചു. പിന്നെ, ഞാൻ കാപട്യത്തിൽ മുങ്ങിയവനോ അല്ലാഹുവിനെ വഞ്ചിച്ചവനോ ആയി കാണപ്പെടുമല്ലോ എന്ന ആധിയായെനിക്ക്. തബൂക്കിലെത്തിയപ്പോൾ നബി(സ) എന്നെ അന്വേഷിച്ചു. സലിമ ഗോത്രജനായ ഒരാൾ എന്റെ അസാന്നിധ്യത്തെ ആക്ഷേപിച്ചു സംസാരിച്ചു. അയാളെ എതിർത്തുകൊണ്ട് മുആദുബ്നു ജബൽ പറഞ്ഞു: "നിങ്ങൾ പറഞ്ഞത് വളരെ മോശമായിപ്പോയി. തിരുദൂതരേ, അല്ലാഹുവാണ, അദ്ദേഹത്തെപ്പറ്റി നന്മയല്ലാതൊന്നും ഞങ്ങൾക്കറിഞ്ഞുകൂട." റസൂൽ മൗനം പാലിച്ചു.

പ്രവാചകനും സംഘവും തബൂക്കിൽനിന്ന് തിരിച്ചെത്തുന്നുവെന്നറിഞ്ഞപ്പോൾ എന്റെ മനസ്സിൽ ആധിനിറഞ്ഞു. പ്രവാചകന്റെ നീരസത്തിൽനിന്ന് രക്ഷപ്പെടാൻ എന്താണൊരു മാർഗം? പലവക കള്ളങ്ങൾ ആലോചിക്കാൻ തുടങ്ങി. കാര്യവിവരമുള്ള ബന്ധുക്കളുടെ സഹായം തേടി. പ്രവാചകൻ എത്തിച്ചേർന്നുവെന്നറിഞ്ഞപ്പോൾ എന്റെ ഉള്ളിൽനിന്ന് മിഥ്യകളെല്ലാം ഒഴിഞ്ഞുപോയി. യാതൊന്നിനും എന്നെ അദ്ദേഹത്തിൽനിന്ന് രക്ഷിക്കാനാവില്ലെന്ന് ഞാൻ മനസ്സിലാക്കി. യാത്ര കഴിഞ്ഞ് മദീനയിൽ പ്രവേശിച്ച പ്രവാചകൻ പതിവുപോലെ ആദ്യം പള്ളിയിൽ കയറി രണ്ടു റകഅത്ത് നമസ്കരിച്ചു. അനന്തരം ജനങ്ങൾക്കു വേണ്ടി ആസനസ്ഥനായി. ആ സന്ദർഭത്തിൽ തബൂക്ക് യാത്രയിൽനിന്ന് പിന്മാറിയവർ ഓരോരുത്തരായിവന്ന് അവരുടെ കാരണങ്ങളും ഒഴികഴിവുകളും നിരത്താൻ തുടങ്ങി. അവർ എൺപതിലേറെ ആളുകളുണ്ടായിരുന്നു. നബി അവർ പറഞ്ഞതൊക്കെ കേട്ടു. അവരുടെ രഹസ്യങ്ങൾ അല്ലാഹുവിനു വിട്ടുകൊണ്ട് അവർക്കുവേണ്ടി അദ്ദേഹം പ്രാർഥിച്ചുകൊണ്ടിരുന്നു. ഞാൻ ചെന്ന് സലാം ചൊല്ലിയപ്പോൾ പ്രകോപിതനായൊരാൾ പുഞ്ചിരിക്കുന്നതുപോലെ. പുഞ്ചിരിച്ചശേഷം വരൂ എന്നുപറഞ്ഞു. ഞാൻ തിരുമേനിയുടെ മുന്നിൽ ചെന്നിരുന്നു. അദ്ദേഹം ചോദിച്ചു: "നിങ്ങൾ വാഹനം വാങ്ങിയിട്ടുണ്ടായിരുന്നില്ലേ?" ഞാൻ: "വാങ്ങിയിരുന്നു തിരുദൂതരേ, ഈ ലോകത്ത് അങ്ങല്ലാത്ത മറ്റാരുടെയെങ്കിലും മുന്നിലാണ് ഇരിക്കുന്നതെങ്കിൽ അയാളുടെ വെറുപ്പിൽനിന്ന് രക്ഷപ്പെടാനൊരു ന്യായം കണ്ടെത്താൻ എനിക്ക് അനായാസം സാധിക്കുമായിരുന്നു. അതിനുള്ള വാക്‌സാമർഥ്യമൊക്കെ എനിക്കുണ്ട്. പക്ഷേ, ഞാൻ അങ്ങയെ ഇന്ന് കള്ളംപറഞ്ഞ് തൃപ്തിപ്പെടുത്തിയാലും അല്ലാഹു അങ്ങയുടെ വെറുപ്പ് എന്നിൽ ചൊരിയുമെന്ന് എനിക്കറിയാം. അതിനെക്കാൾ നല്ലത് സത്യം പറയുന്നതും അതിന്റെ പേരിൽ അങ്ങ് എന്നെ കുറ്റവാളിയായി കാണുന്നതുമാണെന്ന് ഞാൻ കരുതുന്നു. അല്ലാഹുവാണ, തബൂക്ക് യാത്രയിൽനിന്ന് പിന്മാറിയതിന് എനിക്ക് ന്യായമായ ഒരു കാരണവും ബോധിപ്പിക്കാനില്ല. ആ പിന്മാറിയ നാളുകളിൽ ഞാൻ മറ്റെന്നത്തെക്കാളും കരുത്തനും സമ്പന്നനുമായിരുന്നു." പ്രവാചകൻ പറഞ്ഞു: "ഇയാൾ സത്യം പറഞ്ഞിരിക്കുന്നു. പൊയ്ക്കൊള്ളൂ. അല്ലാഹു തന്നെ നിങ്ങളുടെ കാര്യത്തിൽ വിധിപറയുന്നതുവരെ കാത്തിരിക്കൂ."

ഞാൻ നബിയുടെ സന്നിധിയിൽനിന്നു പോന്നപ്പോൾ സലിമ ഗോത്രത്തില കുറച്ചുപേർ എന്റെ പിന്നാലെ വന്നിട്ടു പറഞ്ഞു: "താങ്കൾ മുമ്പ് എന്തെങ്കിലും കുറ്റം ചെയ്തതായി ഞങ്ങൾക്കറിഞ്ഞുകൂടാ. പ്രവാചകന്റെ പാപമോചന പ്രാർഥന തന്നെ താങ്കളുടെ ഈ പാപം പരിഹരിക്കാൻ മതിയാകുമായിരുന്നു. പക്ഷേ, പിന്മാറിയ മറ്റുള്ളവരെപ്പോലെ ദൈവദൂതന്റെ മുമ്പിൽ ഒഴികഴിവു സമർപ്പിക്കാൻ താങ്കൾക്ക് കഴിയാതെ പോയി." അവരെന്നെ കുറ്റപ്പെടുത്തിക്കൊണ്ടേയിരുന്നു. അങ്ങനെ, തിരിച്ചു പ്രവാചകന്റെ അടുത്തുചെന്ന് വല്ല കളവും പറഞ്ഞാലോ എന്നെനിക്കു തോന്നിപ്പോയി. പിന്നെ ഞാനവരോട് അന്വേഷിച്ചു: "എന്റെ അനുഭവം മറ്റാർക്കെങ്കിലും ഉണ്ടായിട്ടുണ്ടോ?' മുറാറത്തുബ്നു റബീഅ്, ഹിലാലുബ്നു ഉമയ്യതുൽ വാഖിഫി എന്നീ രണ്ടു പേർ ഉണ്ടെന്ന് അവരറിയിച്ചു. ആ രണ്ടു പേരും ബദ്റിൽ പങ്കെടുത്തിട്ടുള്ള പുണ്യവാന്മാരാണ്. അവരിൽ മാതൃക ഉള്ളതായി കരുതി ഞാൻ അവരുടെ അടുത്തേക്ക് നടന്നു.

ഞങ്ങൾ മൂന്നുപേരോടും സംസാരിക്കുന്നത് പ്രവാചകൻ ജനങ്ങൾക്ക് വിരോധിച്ചിരുന്നു. ആളുകൾ ഞങ്ങളെ ബഹിഷ്കരിച്ചു. കണ്ടാൽ മിണ്ടില്ല. അഭിമുഖമായി ചെന്നാൽ വഴിമാറിപ്പോകും. അതിപരിചിതമായിരുന്ന നാട് എനിക്ക് അപരിചിതമായി. അമ്പതു നാൾ അങ്ങനെ കഴിഞ്ഞു. എന്റെ രണ്ടു സഖാക്കൾ നിസ്സഹായരായി സ്വന്തം വീടുകളിൽ തന്നെ കുത്തിയിരുന്നു. ഞാനാകട്ടെ, ആളുകൾക്കിടയിലേക്കിറങ്ങി. ജമാഅത്തു നമസ്കാരങ്ങളിൽ പങ്കെടുത്തു. അങ്ങാടിയിൽ ചുറ്റിനടന്നു. പക്ഷേ ആരും എന്നോടൊരക്ഷരം ഉരിയാടിയില്ല. പ്രവാചക സദസ്സുകളിലും ഞാനെത്തും. പ്രവാചകനെ അഭിവാദ്യം ചെയ്യും. പ്രത്യഭി

വാദ്യത്തിന് അദ്ദേഹത്തിന്റെ ചുണ്ടനങ്ങിയോ ഇല്ലേ എന്ന് ഞാനെന്നോടുതന്നെ ചോദിക്കുമായിരുന്നു. പ്രവാചകന്റെ സമീപത്തു നിന്ന് നമസ്കരിക്കും. അപ്പോൾ ഞാൻ ഇടംകണ്ണിട്ട് അദ്ദേഹത്തെ നോക്കും. ഞാൻ നമസ്കരിക്കുമ്പോൾ തിരുമേനി എന്നെ ശ്രദ്ധിക്കുമായിരുന്നു. പക്ഷേ, ഞാൻ തിരിഞ്ഞു നോക്കിയാൽ തിരുമേനി ദൃഷ്ടി തിരിച്ചുകളയും. മുസ്‌ലിംകളുടെ ബഹിഷ്കരണം ഇങ്ങനെ നീണ്ടുപോയി. ഒരിക്കൽ ഞാൻ എന്റെ പിതൃവ്യപുത്രനും ആത്മമിത്രവുമായ അബൂഖതാദയുടെ മതിലിനകത്തേക്കു കടന്നുചെന്ന് സലാം പറഞ്ഞു. ഓ അബൂഖതാദ, ദൈവത്തെയോർത്ത് പറയൂ, ഞാൻ അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുന്നെന്ന് താങ്കൾക്കറിയില്ലേ? അദ്ദേഹം മിണ്ടിയില്ല. ഞാൻ അവിടെയിരുന്ന് പലവട്ടം അല്ലാഹുവിന്റെ പേരിൽ അദ്ദേഹത്തോടു ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "അല്ലാഹുവിനും അവന്റെ ദൂതനും അറിയാം." വഴിഞ്ഞൊഴുകുന്ന കണ്ണുകളുമായി ഞാനവിടെ നിന്നു തിരിച്ചുപോന്നു.

ഞാൻ അങ്ങാടിയിലൂടെ നടക്കുമ്പോൾ ശാമിൽനിന്നെത്തിയ കച്ചവടക്കാരിലൊരാൾ എന്നെ അന്വേഷിച്ചു നടക്കുന്നുണ്ടായിരുന്നു. ആളുകൾ എന്നെ അയാൾക്കു ചൂണ്ടിക്കാണിച്ചു കൊടുത്തു. അയാൾ എന്നെ സമീപിച്ച് ഒരെഴുത്തുതന്നു. ഗസ്സാൻ രാജാവിന്റെ കത്തായിരുന്നു അത്. "താങ്കളുടെ നേതാവ് താങ്കളോട് നിഷ്ഠുരമായി വർത്തിക്കുന്നുവെന്നു നമുക്കറിവു കിട്ടിയിരിക്കുന്നു. താങ്കൾ നിന്ദിതനും നിസ്സഹായനുമാക്കപ്പെടുന്ന നാട് അല്ലാഹു താങ്കൾക്ക് നിശ്ചയിച്ചിട്ടുള്ളതല്ല. നമ്മുടെ അടുത്തേക്കു വരൂ; നാം താങ്കളെ അനുഭാവപൂർവം സ്വാഗതം ചെയ്യുന്നു." എഴുത്തുവായിച്ചപ്പോൾ അത് മറ്റൊരു പരീക്ഷണമാണെന്ന് എനിക്കു തോന്നി. ഞാനത് കൊണ്ടുപോയി അടുപ്പിലിട്ടു. നാൽപതുനാൾ കഴിഞ്ഞപ്പോൾ ഞാൻ ഭാര്യയിൽനിന്ന് അകന്നു നിൽക്കണമെന്ന് പ്രവാചക കൽപനയുണ്ടായി. മറ്റേ രണ്ടാളുകൾക്കും ഇതേ കൽപന കിട്ടിയിരുന്നു. ഹിലാലിന്റെ ഭാര്യ പ്രവാചകനോടു പറഞ്ഞു: "ഹിലാൽ അവശനായ വയോധികനാണ്. പരിചാരകനില്ല. എനിക്കദ്ദേഹത്തെ ശുശ്രൂഷിക്കാമോ?" ആവശ്യമായ ശുശ്രൂഷകൾ ചെയ്തുകൊടുക്കാമെന്നും എന്നാൽ ഭാര്യയെന്ന നിലയിൽ സമീപിക്കരുതെന്നും പ്രവാചകൻ അവരെ അറിയിച്ചു. ബഹിഷ്കരണം തുടങ്ങിയ അന്നുമുതൽ കരഞ്ഞു കണ്ണീരിൽ കുളിച്ചു കഴിയുന്ന അദ്ദേഹത്തിന് അത്തരം ആവശ്യങ്ങളൊന്നുമില്ലെന്ന് അവരും പറഞ്ഞു. ഹിലാലിന്റെ ഭാര്യക്ക് നൽകിയ ശുശ്രൂഷാ അനുമതി എന്റെ ഭാര്യക്കും നൽകണമെന്ന് പ്രവാചകനോടാവശ്യപ്പെടാൻ ബന്ധുജനങ്ങൾ ഉപദേശിച്ചു. ഞാൻ പറഞ്ഞു: "ഞാനൊരു യുവാവായതിനാൽ പ്രവാചകന്റെ അനുമതി കിട്ടുമോ എന്നുറപ്പില്ലാത്തതുകൊണ്ട് അപേക്ഷിക്കുന്നില്ല."

പത്തുനാൾ പിന്നെയും കടന്നുപോയി. ജീവിതം കൂടുതൽ ദുസ്സഹമായി. ഭൂമി കൂടുതൽ ഇടുങ്ങി. അങ്ങനെ അമ്പതു നാളായപ്പോൾ, ഞങ്ങളുടെ തൗബ അല്ലാഹു സ്വീകരിച്ചതായി പ്രഭാത നമസ്കാരാനന്തരം പ്രവാചകൻ അറിയിച്ചു. ഒരാൾ സൽഅ് മലയുടെ മുകളിൽ കയറിനിന്ന് ആ വിവരം ഉച്ചത്തിൽ വിളംബരം ചെയ്തു. ഞാൻ സാഷ്ടാംഗ പ്രണാമത്തിൽ വീണു.... ആളുകൾ കൂട്ടം കൂട്ടമായി എന്നെ അനുമോദിക്കാൻ എത്തി.

പ്രവാചകന്റെ അടുത്തുചെന്ന് സലാം ചൊല്ലിയപ്പോൾ അദ്ദേഹം സന്തോഷത്താൽ പ്രശോഭിതമായ മുഖത്തോടെ അരുൾ ചെയ്തു: "മാതാവ് പ്രസവിച്ചതു മുതൽ നിങ്ങളെ കടന്നുപോയ ഏറ്റവും വിശിഷ്ടമായ ദിവസത്തിന്റെ സുവിശേഷം!" ഞാൻ ചോദിച്ചു: "തിരുദൂതരേ, ഈ സുവിശേഷം അങ്ങയുടെ ഭാഗത്തുനിന്നാണോ അതല്ല അല്ലാഹുവിന്റെ ഭാഗത്തുനിന്നോ?" തിരുമേനി പ്രതിവചിച്ചു: "എന്റെ ഭാഗത്തുനിന്നല്ല, അല്ലാഹുവിങ്കൽ നിന്നാണ്." റസൂലിന്റെ മുഖം പ്രകാശിതമായാൽ അതു ചന്ദ്രന്റെ ഖണ്ഡമെന്നോണമാകുമായിരുന്നു.

ഈദൃശ നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നത് ഇതാണ്: ഈ മൂന്നുപേരനുഭവിച്ച ഒറ്റപ്പെടലും വ്യഥയും നിസ്സഹകരണവുമെല്ലാം അവർ അതു വിധിച്ച അല്ലാഹുവിങ്കൽ തന്നെ സമർപ്പിക്കുകയായിരുന്നു. അല്ലാഹുവിന്റെ ശിക്ഷയിൽനിന്നു രക്ഷപ്പെടാനുള്ള മാർഗം അവങ്കൽ നിന്നുള്ള മാപ്പല്ലാതെ മറ്റൊന്നുമില്ല. അതിനാൽ രണ്ടുപേർ പശ്ചാത്താപവും പാപമോചന പ്രാർഥനയുമായി വീട്ടിൽതന്നെ ചടഞ്ഞുകൂടി. മൂന്നാമൻ പുറത്തിറങ്ങി നടന്നുവെങ്കിലും അത് അല്ലാഹുവിന്റെയും റസൂലിന്റെയും അപ്രീതി മാഞ്ഞു പോയതിന്റെ വല്ല ലക്ഷണവും സമാഗതമാകുന്നുണ്ടോ എന്നു നോക്കാനായിരുന്നു. അല്ലാഹുവിനെയും റസൂലിനെയും അവഗണിച്ചുകൊണ്ടുള്ള പ്രശ്ന പരിഹാരത്തെക്കുറിച്ച് സ്വപ്നത്തിൽ പോലും അവർ ചിന്തിച്ചിരുന്നില്ല. കാപട്യത്തിന്റെ വല്ല കണികയും ഉണ്ടായിരുന്നുവെങ്കിൽ ഈ നീണ്ട അമ്പതു രാപ്പകലുകൾക്കിടയിൽ അവർ മറ്റേതെങ്കിലും അഭയദായകനെ അല്ലെങ്കിൽ രക്ഷാ സങ്കേതത്തെ കണ്ടെത്താനുള്ള ശ്രമത്തിലേർപ്പെടാതിരിക്കുമായിരുന്നില്ല. ഇവിടെ നാം കാണുന്നതോ ഗസ്സാൻ രാജാവിന്റെ അഭയവാഗ്ദാന രേഖ ലഭിച്ച കഅബ്, അതുകൊണ്ടുപോയി അടുപ്പിലെറിയുന്നതാണ്. സൃഷ്ടികളുടെ മോഹന വാഗ്ദാനങ്ങളോ ദൈവശത്രുക്കളുമായി ചേർന്നുള്ള ഗൂഢാലോചനകളോ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് യഥാർഥ മോചനം നൽകില്ലെന്നും വിമോചകൻ അല്ലാഹുതന്നെയാണെന്നുമുള്ള അചഞ്ചലമായ വിശ്വാസമാണ് അദ്ദേഹത്തെ അതിന് പ്രചോദിപ്പിച്ചത്. ഈ നിലപാടിനെയാണ്, അല്ലാതെ ഭൗതികമായ അർഥത്തിലുള്ള ഗത്യന്തരമില്ലായ്മയെയല്ല അല്ലാഹു وَظَنُّوٓاْ أَن لَّا مَلۡجَأَ مِنَ ٱللَّهِ إِلَّآ إِلَيۡهِ (അല്ലാഹുവിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാൻ അവന്റെ തന്നെ കാരുണ്യമല്ലാതെ മറ്റൊന്നുമില്ലെന്ന് അവർ കരുതി) എന്ന് വ്യവഹരിച്ചത്. ബഹിഷ്കരണത്തിന്റെയും നിസ്സഹകരണത്തിന്റെയും ക്ലേശങ്ങൾ നല്ലവണ്ണം അനുഭവിച്ചു കഴിഞ്ഞപ്പോൾ അല്ലാഹു അവരുടെമേൽ കാരുണ്യം വർഷിച്ചു. ആത്മാർഥമായ തൗബക്ക് അവർക്കുതവിയരുളി എന്നാണ് ثُمَّ تَابَ عَلَيۡهِمۡ എന്നു തുടങ്ങുന്ന വാക്യത്തിന്റെ താൽപര്യം. لِيَتُوبُوٓاْ എന്ന ക്രിയാവാക്യം ഇവിടെ അതിന്റെ സമ്പൂർണമായ അർഥത്തിലാണുപയോഗിച്ചിരിക്കുന്നത്. തൗബയുടെ മുഖ്യഭാഗമായ കുറ്റസമ്മതം നേരത്തെ തന്നെ അവരിൽനിന്നുണ്ടായതാണ്. ആദ്യ ഘട്ടത്തിൽ അത് സ്വീകരിക്കപ്പെടുകയുണ്ടായില്ല. അതിനു കാരണം നേരത്തെ സൂചിപ്പിക്കപ്പെട്ട പോലെ ഈ മഹത്തുക്കൾ തങ്ങളുടെ പൂർവകാല സേവനങ്ങളുടെ തണലിൽ ഇപ്പോഴത്തെ അച്ചടക്ക ലംഘനത്തെ അതിന്റെ യഥാർഥ ഗൗരവത്തോടെ കാണാതിരുന്നതാവാം. അമ്പതുനാൾ നീണ്ട ശിക്ഷണനടപടി സ്വന്തം അപരാധത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്തുകയും അതിൽനിന്ന് മോചനം നേടാൻ അവരുടെ മനസ്സ് അസ്വസ്ഥമായി ഉഴറുകയും തൗബ സമ്പൂർണമാക്കിത്തീർക്കുകയും ചെയ്തു. അങ്ങനെ അവരുടെ വിശ്വാസവും കൂറും സത്യസന്ധതയും ഊട്ടിയുറപ്പിക്കപ്പെട്ടു.

......تَابَ عَلَيۡهِمۡ لِيَتُوبُوٓاْ എന്ന വാക്യം വ്യഞ്ജിപ്പിക്കുന്ന ഒരു യാഥാർഥ്യമിതാണ്. തൗബയുടെ തുടക്കം അല്ലാഹുവിന്റെ ഭാഗത്തുനിന്നാണുണ്ടാകുന്നത്. അവൻ ആദ്യം ദാസന്റെ മനസ്സിൽ ദൈവവിചാരമുണർത്തുന്നു. ദാസൻ തൗബയിൽ ഏർപ്പെടുമ്പോൾ അവൻ വീണ്ടും ആ ദാസനെ കാരുണ്യത്തോടെ കടാ

ക്ഷിക്കുകയും അവന്റെ തൗബ കൈക്കൊള്ളുകയും ചെയ്യുന്നു. ഉള്ളിൽ സത്യവിശ്വാസം (ഈമാൻ) ഉണ്ടെങ്കിൽ പാപകർമങ്ങളിൽ മനഃപ്രയാസമനുഭവപ്പെടുകയെന്നത് അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള പ്രകൃതിയുടെ ഭാഗമാണ്. ആ മനഃപ്രയാസം അവനെ ദൈവത്തിലേക്കടുപ്പിക്കുന്നു. മനുഷ്യൻ അതനുസരിച്ച് പ്രവർത്തിക്കാൻ തയാറാകുമ്പോൾ അല്ലാഹു അവരുടെ നാവുകൾക്ക് അവൻ ഇഷ്ടപ്പെടുന്നതും സ്വീകാര്യയോഗ്യവുമായ വാക്കുകൾ കൂടി അരുളുന്നു. മനഃസാക്ഷി മലിനമാവുകയും ഈമാൻ മരിച്ചുപോവുകയും ചെയ്തവരാണ് ഈ സൗഭാഗ്യം നിഷേധിക്കപ്പെടുന്നവർ. ഇബ്ലീസിന്റെ കഥ അതിനുദാഹരണമാണ്. ആദമിന്റെ കഥ പാപത്തിലകപ്പെട്ടു പോകുന്ന വിശ്വാസിക്കുള്ള ഉദാഹരണവുമാണ്. فَتَلَقَّىٰٓ ءَادَمُ مِن رَّبِّهِۦ كَلِمَٰتٍ فَتَابَ عَلَيْهِ (അനന്തരം ആദം തന്റെ നാഥങ്കൽനിന്ന് ചില വചനങ്ങൾ സ്വീകരിച്ചു പശ്ചാത്തപിച്ചു. നാഥൻ പശ്ചാത്താപം കൈക്കൊണ്ടു – *അൽബഖറ* 37) എന്ന് അല്ലാഹു അതെക്കുറിച്ചു പറയുന്നുണ്ട്. ■